ഈ വർഷത്തിലെ മറ്റു പ്രവർത്തനപരിപാടികൾ താഴെ പറയുന്നവയാണ്.

ക. കാളനികളുടെ സംരക്ഷണം.—ഡിപ്പാർട്ടുമെണ്ടു് നിയന്ത്രണത്തിൽ നിലവിലുണ്ടായിരുന്ന കാളനികൾ സംരക്ഷിക്കുകയും കുന്നത്തൂർ താലൂക്കിൽ പോരുവഴിയിൽ പകുതിയിൽ ൪൫ ഏക്കർ ൫൪ സെൻറ് ഭൂമിയിൽ ഒരു പുതിയ കാളനി സ്ഥാപിക്കുവാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ടു്. പ്രസ്തുത കാളനിയിൽ ൨൦ കുടിപാർപ്പിടങ്ങളും ൫ കിണറുകളും നിർമ്മിക്കുന്നതിനു പൊതുഭരണത്തു ഡിപ്പാർട്ടുമെണ്ടിന്റെ വിനിയോഗത്തിനായി ൩൯, ൫൦൦ രൂപാ നീക്കിവച്ചിട്ടുണ്ടു്. പ്രസ്തുത ജോലി ഊർജ്ജിതമായി പുരോഗമിക്കുന്നു. തോവാള താലൂക്കിൽ തുരുവാമൊഴിയിൽ ഒരു കാളനി തുറക്കുന്നതിനും നടപടി കൈക്കൊണ്ടിട്ടുണ്ടു്. അവിടെ ൨൫, ൦൫൦ രൂപായുടെ ഒരു അടങ്കൽ ചെലവിൽ ൨൫ ഭവനങ്ങളുടേയും ഒരു പൊതുകെട്ടിടത്തിന്റേയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

ഖ. ഭവനവ്യവസ്ഥ.—പിന്നോക്കസമുദായങ്ങളിൽപ്പെട്ടഓരോ കുടുംബത്തിനും ൨൦൦ രൂപാ നിരക്കിൽ ൨൭൫ കുടുംബങ്ങൾക്കു ഭവനനിർമ്മാണത്തിനായി സഹായധനം നൽകുന്നതിനു തവണ്ണുണ്ടു് അനുവദിച്ചിട്ടുണ്ടു്. അവയുടെ നിർമ്മാണത്തിനുള്ള ഏർപ്പാടുകൾ പുരോഗമിക്കുന്നും ഉണ്ടു്.

ഗ. കലർപ്പുകൃഷി പദ്ധതി.—സഹകരണപുരസ്സരം കലർപ്പുകൃഷി പ്രോത്സാഹന പ്രകാരമുള്ള കാർഷിക പ്രവർത്തനങ്ങൾ മൻകൊല്ലങ്ങളിലെപ്പോലെ നടത്തിവരുന്നു. മറ്റു ചില കാളനികളിലും കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ ഇനത്തിൽ ഏകദേശം ൫൦, ൦൦൦ രൂപയുടെ ചെലവു പ്രതീക്ഷിക്കുന്നുണ്ടു്.

ൿ: ആരോഗ്യവും ശുചിത്വവും.—പിന്നോക്കസമുദായ കാളനികളിൽ തെരുവു ദീപങ്ങൾക്കു് വ്യവസ്ഥചെയ്യുന്നതിനായി പൊതുജനാരോഗ്യ ഡയറക്ടരുടെ വിനിയോഗത്തിനു ഫണ്ടു് നീക്കിവച്ചിട്ടുണ്ടു്. ഡിപ്പാർട്ടുമെണ്ടു് മുഖാന്തിരം തുടർന്നു ചെയ്തിരുന്ന ഏർപ്പാടു നിർത്തലാക്കുകയുണ്ടായി. അതിനുവേണ്ടി നീക്കിവച്ചിരുന്ന ഫണ്ടുകൾ കിണറുകൾ കുഴിപ്പിക്കുന്നതിനും കക്കൂസ്സുകൾക്കും മറ്റുമായി വിനിയോഗിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ ഇനത്തിൽ ഇതുവരെയായി ൫, ൦൦൦ രൂപാ ചെലവാക്കിയിട്ടുണ്ടു്.

ങ. ഭൂമിയെടുപ്പു്.—പിന്നോക്ക സമുദായങ്ങൾക്കു് ഭൂമി നൽകുന്നതു സംബന്ധിച്ചു തീരുമാനിക്കാനുള്ള പല ഭൂമിയെടുപ്പുകേസ്സുകളും ഈ വർഷത്തിൽ തീരുമാനിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. ൫, ൦൫ ൦ രൂപ റവന്യൂ അധികാരികളുടെ വിനിയോഗത്തിനു നീക്കിവച്ചിട്ടുള്ളതും തീർപ്പുസംബന്ധിച്ചു (ഏവാർഡു്) സ്റ്റോറുമെണ്ടുകൾ ലഭിക്കുമ്പോൾ ലഭിക്കുന്നതനുസരിച്ചു കൂടുതൽ തുകകൾ അവരുടെ വിനിയോഗത്തിനു മാറ്റിവയ്ക്കുന്നതുമാണ്.

ന. വ്യവസായവും സഹകരണവും.—ഇരുന്തുരോളംവരുന്ന പിന്നോക്കസമുദായ സഹകരണസംഘങ്ങളിൽ ഏറിയഭാഗവും തൃപ്തികരമായി പ്രവർത്തനം നടത്തുന്നു. കൂടാതെ സഹകരണ ഡിപ്പാർട്ടുമെണ്ടിൽനിന്നും നിയുക്തരായ രണ്ടു സ്പെഷ്യൽ സഹകരണ ഇൻസ്പെക്ടർമാർ ന്യൂനതയുള്ള സംഘങ്ങളെ ഉദ്ധരിക്കുന്നതിലും പുതിയ സംഘങ്ങൾ സംഘടിപ്പിക്കുന്നതിലും ഏർപ്പെട്ടിരിക്കുകയാണ്. ഈ ഇനത്തിൽ ഇതുവരെയായി ൨ ൫, ൦ ൦ ൦ രൂപാ ചിലവാക്കിയിട്ടുണ്ടു്.

Questions posted for Answer on 25th March 1950

G.P. AND KAPPAN COMMITTEE

***881.** [27] **Sri. K. P. Nilakanta Pillai:** Will the Hon'ble Minister for Finance be pleased to state the total expenditure incurred on account of the G.P. and Kappan Committee?

Sri. A. J. John: Rs. 548—2—8.

ASSIGNMENT OF GOVERNMENT LANDS

***882.** [35] **Sri. M. I. Paul:** Will the Hon'ble Minister for Civil Supplies be pleased to state whether the Government have any scheme before them to assign Government lands to people for cultivation; if so, what is that scheme and when it will be carried out?

Sri. A. J John: Yes. The schemes are the following.—

(1) 1,000 acres of Kanipet lands in the Kunnathukal Pakuthy, Neyyattinkara Taluk to be leased in convenient blocks to the landless people for cultivation. The survey of the area has been completed and the records are being scrutinised in the survey office.

LIBRARY ARCHIVES Kerala Legislative Assembly

(2) Reclamation of 4500 acres of Vembanad lake. Survey into blocks of 25 to 50 acres is to commence immediately.

(3) 250 acres in Vaissery Kandom, Mukundapuram Taluk. Survey will be taken up immediately.

(4) Reclamation of grass lands to the extent of 50,000 acres lying on either side of Devicolam-Kumili road. This will be sub-divided into small blocks of 5 to 10 acres, after reserving adequate lands for construction of Office buildings, hospitals, schools, roads, etc., to be leased for settlement and cultivation to the landless people Vide Press Note dated 27th February 1950.

(5) Lands available for cultivation in the Devicolam and Peermade Taluks to be leased. Survey is in progress. After completion of the survey the available lands will be allocated by the Taluk Committee under the Chairmanship of the Commissioner Devicolam.

(6) Dry lands and swamps both from Reserved Forest Lands and lands under the control of the Revenue Department have been released for cultivation of paddy and other food crops. The distribution and allotment of these lands on lease are made by the Division Committee constituted for the purpose—Vide Press Note dated 20th December 1948.

Questions posted for Answer on 27—3—1950

പിന്നോക്കസമുദായവിദ്യാർത്ഥികൾ

*൨൫൩. (൨൭) ശ്രീ. ടി. വി. ദേവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സ്കൂൾവർഷത്തിൽ പിന്നോക്കസമുദായത്തിൽപ്പെട്ട ഹൈസ്കൂൾവിദ്യാർത്ഥികൾക്ക് സഹായധനം നൽകിയിട്ടുണ്ടോ;എന്ന ദയവായി പറയുമോ;

(ബി) കോട്ടയം, വൈക്കം, ചേർത്തല, മാവേലിക്കര എന്നീ താലൂക്കുകളിലുള്ള ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ധനസഹായം കിട്ടിയിട്ടില്ലെന്നുള്ള വിവരം ഗവൺമെന്റ് അറിയാമോ;

(സി) അറിയാമെങ്കിൽ ഇതുവരെ കൊടുക്കാതിരിക്കുന്നതിന്റെ കാരണം പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഉണ്ട്.

(ബി) അറിവില്ല.

(സി) ബിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെന്റ് എറ്റെടുത്ത വ്യവസായങ്ങൾ

*൨൫൪. (൫൦) ശ്രീ. ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റ് ഗവൺമെണ്ട് എത്ര വ്യവസായങ്ങൾ നാളിതുവരെഏറ്റെടുത്തിട്ടുണ്ട്.

(ബി) അതിലേക്ക് എത്ര സംഖ്യ മുടക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ൧. പ്ലൈവുഡ് ഫാക്ടറി.

൨. സിറാമിക് ഫാക്ടറിയും വഞ്ചിക്ലേമെൻസും.

൩. റബ്ബർ ഫാക്ടറി.

൪. എസ്സ്. കെ. വി. എ. ഫാർമസി.

(ബി) ൪൪൹൪൪ ലക്ഷം രൂപാ.

പോലീസ്.

*൨൫൫. (൫൧) ശ്രീ. ഇട്ടീര അന്ത്രുക്കൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ഐക്യസംസ്ഥാനത്തു ഒരു സാധാരണ കാൺസ്റ്റബിളിന്റെ ശമ്പളമെത്ര? അലവൻസെത്ര?

LIBRARY ARCHIVES Kerala Legislative Assembly